# Mathrubhumi

## 22 August 2018

## Thiruvananthapuram, Rebuild Kerala, NABARD



# നബാർഡിൽനിന്ന് 5,000 കോടി

തിരുവനന്തപുരം ▸ കേരളത്തെ പുനർനിർമിക്കുന്നതിനും പശ്ചാത്തല സൗകര്യം വികസിപ്പിക്കുന്നതിനുമായി നബാർഡിൽനിന്ന് 5,000 കോടി രൂപ വായ്പ എടുക്കുന്നതിന് മന്ത്രിസഭാ യോഗം അനുമതി നൽകി.

നാലു ശതമാനം പലിശ നിരക്കിലാകും വായ്പ അനുവദിക്കുക. നബാർഡ് അധികൃതരുമായി ധനമന്ത്രി തോമസ് ഐസക്ക് ചർച്ചനടത്തി. സംസ്ഥാന സർക്കാർ ജീവനക്കാരുടെ ഓണം ഉത്സവബത്ത മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകിയതുവഴി 102.26 കോടി രൂപ ലഭിച്ചു. സർവകലാശാലകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെ ഉത്സവബത്ത ഇനത്തിൽ 50 മുതൽ 60 കോടി രൂപ വരെ ലഭിക്കും.